നിർമ്മാണം പൂർത്തിയാക്കാത്ത കെട്ടിടം

1811 [2737] ശ്രീ. പി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി ഡവലപ്പ്മെൻറ് പ്രോജക്ടിൽ ഉൾപ്പെടുത്തി ചിറയിൻകീഴ് ബ്ലോക്കിൽ പെരുമാതുറ എന്ന സ്ഥലത്ത് 1969-ൽ നാട്ടുകാർ നൽകിയ 10 സെൻറ് സ്ഥലത്ത് പൂർത്തിയാകാതെ കിടക്കുന്ന പ്രൈമറി ഹെൽത്ത് സെൻറർ കെട്ടിടത്തിൻറെ നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) അല്ലാത്തപക്ഷം പെരുമാതുറയിൽ പ്രവർത്തിക്കുന്ന ഹോമിയോ ആശുപത്രിയുടെ പ്രവർത്തനത്തിനുവേണ്ടി ഈ സ്ഥലവും കെട്ടിടവും ഹോമിയോപ്പതി വകുപ്പിന് കൈമാറാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫണ്ടിൻറെ അപര്യാപ്തത മൂലമാണ് ബാക്കി പണി നിർവ്വഹിക്കാൻ സാധിക്കാതെ ഇരിക്കുന്നത്. ഫണ്ട് ലഭ്യമാക്കാൻ ശ്രമിക്കാം.

(ബി) പെരുമാതുറ ഗവൺമെൻറ് ഡിസ്പെൻസറി മേൽപ്പറഞ്ഞ കെട്ടിടത്തിൽത്തന്നെ ഇപ്പോഴും പ്രവർത്തിക്കുന്നതുകൊണ്ട് മറ്റൊരു ഡിപ്പാർട്ടുമെൻറിനും വിട്ടുകൊടുക്കാൻ സാദ്ധ്യമല്ല.

ബിൽ കളക്ടർമാരുടെ തസ്തികകൾ

1812 [2738] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പഞ്ചായത്തുവകുപ്പിൽ ബിൽ കളക്ടർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്;

(ബി) നിലവിലുള്ള പി. എസ്. സി. റാങ്ക്ലിസ്റ്റിൽനിന്നും ഇതിനകം എത്ര പേരെ നിയമിച്ചു;

(സി) നിലവിലുള്ള ഒഴിവുകളിലേക്ക് ഉടനടി നിയമനം നടത്തുമോ?

ഉത്തരം

(എ) 24.

(ബി) 68.

(സി) നിയമനം നടത്തുവാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

പെരുംപഴുതൂർ പഞ്ചായത്തിലെ പുറമ്പോക്കു ഭൂമി

1813 [2739] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) നെയ്യാറിൻകര താലൂക്കിൽ പെരുംപഴുതൂർ പഞ്ചായത്തിൽപെട്ട ഓലത്താന്നി വാർഡിൽ ചിറ്റാക്കാട് പി. ഡബ്ലിയു. ഡി. വക സർവ്വേ 186/1എ, 187/1-എയിൽ ഉൾപ്പെട്ട ഉദ്ദേശം 31 സെൻറ് പുറമ്പോക്കുഭൂമി ബന്ധപ്പെട്ട പഞ്ചായത്തിന് വിട്ടുകൊടുക്കുന്നതിനു സമ്മതിച്ചുകൊണ്ട് റവന്യൂ വകുപ്പ് 13-6-1986-ൽ ഉത്തരവായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്ത് അനന്തരനടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തരസമയം കഴിഞ്ഞു)

II. അടിയന്തിര പ്രമേയം

മന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഭരണഘടനാനുസൃതമായ സത്യപ്രതിജ്ഞാലംഘനം നടത്തിയെന്ന കോടതി പരാമർശനത്തെത്തുടർന്നുളവായിട്ടുള്ള ഗുരുതര സ്ഥിതിവിശേഷം

മി. സ്പീക്കർ: 1985 മേയ് മാസം ഇരുപത്തിയഞ്ചാം തിയതി പഞ്ചാബ് മോഡൽ പ്രസംഗത്തെത്തുടർന്ന് ജൂണിൽ രാജിവച്ച് വീണ്ടും മന്ത്രിയായ ശ്രീ. ആർ. ബാലകൃഷ്ണപിള്ള പ്രസ്തുത പ്രസംഗത്തിൽ കൂടി ഭരണഘടനാനുസൃതമായ സത്യപ്രതിജ്ഞാലംഘനം നടത്തിയെന്ന് ഹൈക്കോടതി പ്രസ്താവിച്ചിരിക്കെ, ശ്രീ. ആർ. ബാലകൃഷ്ണപിള്ളയും അദ്ദേഹത്തെ വീണ്ടും മന്ത്രിയാക്കിയ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനും അധികാരത്തിൽ തുടരുന്നതുമൂലം ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ചർച്ച ചെയ്യാൻ ഇന്നത്തെ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ഇ. കെ. നായനാർ, ശ്രീ. കെ. പി. പ്രഭാകരൻ, ശ്രീ. എ. സി. ഷൺമുഖദാസ്, ശ്രീ. ബേബിജോൺ, ശ്രീ. കെ. ചന്ദ്രശേഖരൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, നമ്മുടെ നിയമസഭയുടെ RULES OF PROCEDURE AND CONDUCT OF BUSINESS അൻപത്തിരണ്ടാം വകുപ്പ്, ഏഴാം ഉപവകുപ്പിൽ പറയുന്നത്, the motion shall not deal with a matter which is under adjudication by a court of law having jurisdiction in any part of India; ഈ പ്രശ്നം ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ഈ പ്രശ്നം പരിശോധിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് ഇതിൻമേൽ അവസാനതീരുമാനം എടുത്തിട്ടില്ല. മുഖ്യമന്ത്രിക്ക് ഒരു മന്ത്രിയെ നിയമിക്കുവാനുള്ള ഭരണഘടന 226-ാം വകുപ്പനുസരിച്ച് ഉള്ള അധികാരത്തെ കോടതിക്ക് ചോദ്യം ചെയ്യാമോയെന്നുള്ള മൗലികമായ നിയമപ്രശ്നമാണ് ഇവിടെയുള്ളത്. ആ പ്രശ്നത്തിൻമേൽ

LIBRARY ARCHIVES Kerala Legislative Assembly